# കുടുംബം പുനഃനിർമ്മിക്കപ്പെടുന്നു


കെ. അരവിന്ദാക്ഷൻ

ഇംഗ്ലണ്ടിൽ നിന്ന ദക്ഷിണാഫ്രിക്കയിലേക്കുള്ള മടക്കയാത്രയിൽ 1909 നവംബർ 13 മുതൽ 320 വരെയുള്ള ദിവസങ്ങളിൽ കപ്പലിലിരുന്നാണ് ഗാന്ധി 'ഹിന്ദ് സ്വരാജ്' എന്ന ചെറു ഗ്രന്ഥം എഴുതുന്നത്. അക്കാലത്ത് ഇംഗ്ലണ്ടിലും ഇന്ത്യയിലും പ്രബലമായിരുന്ന അക്രമരാഷ്ട്രീയത്തെയും അത് പ്രതിനിധാനം ചെയ്യുന്ന പടിഞ്ഞാറിന്റെ ആധുനിക നാഗരികതയെയും അതികഠിനമായി വിമർശിക്കുന്നതാണീ പുസ്തകം. വായനക്കാരനും പത്രാധിപരും തമ്മിലുള്ള സംവാദത്തിലൂടെയാണ് ഗാന്ധിയുടെ ദർശനം അനാവൃതമാകുന്നതാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു വിഷവൃക്ഷമായി ഇന്ന് വളർന്നിട്ടുള്ള ഹിന്ദുത്വായുടെ ഉത്ഘാടകനായ വി.ഡി. സവാർക്കർക്കുള്ള മറുപടികൂടിയാണ് ഹിന്ദ് സ്വരാജ്. സവാർക്കറുടെ ഓമനശിഷ്യനായ നാഥുറാം ഗോഡ്സെ ഗാന്ധിയെ വെടിവെച്ചു കൊല്ലുന്നതിനു പിന്നിൽ ഹിന്ദ് സ്വരാജിന്റെ ദർശനമുണ്ട്. ആധുനിക നാഗരികതയുടെ സ്ഥാപനങ്ങളെ നിരാകരിച്ച് പകരം പുതിയവ പണിയുവാനുള്ള ജീവിത ദർശനമാണ് ഹിന്ദ് സ്വരാജിലുള്ളത്. 1898 മുതൽ 1948 വരെയുള്ള ഗാന്ധിയുടെ ജീവിതം ഈ പുനഃനിർമ്മാണത്തിന്റെ ചരിത്രമാണ്. ഗാന്ധിക്ക് സ്വരാജ് രാഷ്ട്രീയ സ്വാതന്ത്ര്യമല്ല. സാംസ്കാരികമാണ് അതിന്റെ പ്രോട്ടോപ്ലാസം. ആത്മീയമാണ് അതിന്റെ ന്യൂക്ലിയസ്സ്. നമ്മുടെ ഗതികെട്ട കാലത്തിന് 'ഹിന്ദ് സ്വരാജ്' അതിജീവനത്തിന്റെ ഒരു കൈച്ചൂണ്ടിയാകാം.

ദക്ഷിണാഫ്രിക്കൻ ജീവിതത്തിലാണ് ഗാന്ധി ഹിന്ദ് സ്വരാജ് എഴുതിയതെന്നത് ഒട്ടും ആകസ്മികമല്ല. 1893 മുതൽ 1915 വരെയാണ് അദ്ദേഹം ദഷിണാഫ്രിക്കയിൽ ജീവിച്ചത്. ഹിന്ദ് സ്വരാജിന്റെ സന്ദർഭത്തിൽ ഒന്നരപതിറ്റാണ്ടായിട്ടുണ്ട് ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കൻ ജീവിതം.

തികച്ചും ഗാർഹസ്ഥ്യമായാണ് ഗാന്ധിജീവിതം ആരംഭിക്കുന്നത്. ഇവിടെ ഈ സന്ദർഭത്തിൽ വിശുദ്ധ ഫ്രാൻസിസിനോട് ദൈവം പറഞ്ഞതോർക്കുക: "ഫ്രാൻസീസേ, എന്റെ തകർച്ചയിലായ വീട് നീ പോയി പുതുക്കി പണിയുക."

ഗാന്ധിയുടെ കുടുംബത്തെ പുനഃനിർവ്വചിക്കുകയാണ്, പുതുക്കി പണിയുകയാണ്. വക്കീലും ഗൃഹസ്ഥനുമായ ഗാന്ധി സർവ്വവും ഉൾക്കൊള്ളുന്നതും സദാ വികസിച്ചുകൊണ്ടിരിക്കുന്നതുമായ ദൈവനഗരമാക്കി തന്റെ വീടിനെ പരിണമിച്ചതാണ് ഒരർത്ഥത്തിൽ ഗാന്ധിയുടെ യൗവ്വനത്തിന്റെ തീക്ഷ്ണത.



മൂന്നു ധാരകളാണ് ഗാന്ധിയിൽ ഈ സന്ദർഭത്തിൽ പ്രബലം. 1. വക്കീൽപണിയോടുള്ള ആർജ്ജവം. 2. പരിഷ്ക്കർത്താവിന്റെ ആത്മാർത്ഥത. 3. പ്രാപഞ്ചികമായ സത്യമന്വേഷിക്കുന്നവന്റെ വിശ്വാസം. കുടുംബത്തിന്റേയും സമൂഹത്തിന്റേയും പച്ചയായ പ്രശ്നങ്ങൾ അദ്ദേഹം നേരിടുന്നത് ഇവിടെയാണ്.

തന്റെ വീട് സഹപ്രവർത്തകരുടെ ആവാസകേന്ദ്രമായും അനുയായികളുടെ സംവാദസ്ഥലിയായും കാർഷിക കമ്മ്യൂണായും അചിരേണ വികസിക്കുന്നു. വീട്-ഹോസ്റ്റൽ-ഫിനിക്സ് സെറ്റിൽമെൻറ്-ടോൾസ്റ്റോയി ഫാം ഇങ്ങിനെയാണ് പരിണാമക്രമം. അതിന് തീർച്ചയായും ഒരു മതാത്മക

ഭാവമുണ്ടായിരുന്നു, അതാകട്ടെ നാളിതുവരെയുള്ള മതങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു. എന്നാലേ അവയുടെ പല ഊർജ്ജ ധാതുക്കളും ഉൾച്ചേ ർന്നതുമായിരുന്നു. ദൈവം ശകാരിച്ചയച്ച ഫ്രാൻസീസിനെപ്പോലെ, ഗാന്ധി ഒരു പുതിയ വീട് നിർമ്മാണത്തിലേർപ്പെട്ടു. സേവനം, അദ്ധ്യാപനം, പരിഷ്ക്കരണം, മേൽനോട്ടം എന്നിവ അതിന്റെ ധർമ്മ സൂത്രങ്ങളും. ക്രമേണ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻവംശജർ, കറുത്തവർ അദ്ദേഹത്തിന്റെ വീടായി; 'സ്വതന്ത്ര' ഇന്ത്യ ദൈവനഗരവും.

ജൈനിസത്തിന്റെ മൂലസൂക്തമായ അനേകാനന്ദവാദം, ഒരേ വസ്തുവിനെ അനേകം കോണുകളിലൂടെ കാണുക തന്റെ ആത്മീയ ഗുരുവായ രാജചന്ദ്രയിലൂടെ ഗാന്ധി സ്വാംശീകരിക്കുന്നതും കുടുംബത്തിന്റെ പരിണാമവേളയിലാണ്. വരേണ്യ വർഗ്ഗത്തിന്റെ വ്യാപാര പ്രതിനിധിയായി എത്തുന്ന ഗാന്ധി തന്റെ ശരീരത്തിന്റെ സാധ്യതകളെപ്പറ്റി ബോധവാനാകുന്നതും ഈ സന്ദർഭത്തിലാണത്രെ. തന്റെ ശരീരത്തെ പ്രകൃതിയുടെ താളത്തിനൊപ്പിച്ചും തേച്ചു മിനുക്കുന്ന ഗാന്ധി അതിൽ അനല്പമായി ഊർജ്ജവും കണ്ടെത്തുന്നു. ഈ ഊർജ്ജം-ലൈംഗിക എനർജി- തന്റെയും സമൂഹത്തിന്റെയും സർഗ്ഗക്രിയക്കായി ഉപയോഗിക്കുന്നതാണ് നാം തുടർന്ന് കാണുന്നത്. കുടുംബത്തെ അതിന്റെ ആർഭാട-ആഡംബര മേദസ്സുകളിൽ നിന്ന് നീക്കുവാൻ അദ്ദേഹം സാമ്പത്തിക ലളിതവൽക്കരണം സ്വീകരിക്കുമ്പോൾ, ലൈംഗിക ഊർജ്ജത്തെ അമിതാസക്തിയിൽനിന്ന് തിരിച്ചുകൊണ്ടുവരുവാൻ ബ്രഹ്മചര്യം സ്വീകരിക്കുന്നു. ബ്രഹ്മചാരിയുടെയും ദരിദ്രന്റെയും ശരീരം അദ്ദേഹം കണ്ടെത്തുന്നു. തന്നിലും ചുറ്റിലും തന്റെ ശരീരത്തിന്റെ നശ്വരത – ഒന്നുമല്ലാത്ത അവസ്ഥ മഹാമാരിയായെത്തുന്ന പ്ലേഗിലൂടെ തിരിച്ചറിയുന്ന ഗാന്ധി, അവഹേളിക്കപ്പെട്ട, അവഗണിക്കപ്പെട്ട അപരന്റെ ശരീരത്തെ – അതിന്റെ ദുരന്തം – വേദന ഏറ്റെടുക്കുകയാണ്. അടിമത്തൊഴിലാളിയായ ബാലസുന്ദരത്തെ തന്റെ മാറോട് ചേർത്തണയ്ക്കുക മാത്രമല്ല, നിശ്ചയദാർഢ്യത്തോടെ, ബാലസുന്ദരം എന്ന ഒന്നുമല്ലാത്തവനെയും ചരിത്രത്തിലേക്ക്, പ്രപഞ്ചത്തിന്റെ ദൈവികതയിലേക്ക് സഞ്ചരിക്കുവാൻ പ്രേരിപ്പിക്കുകയാണ്. ബാലസുന്ദരത്തോടെ, സ്ത്രീകളും കുട്ടികളും പുരുഷന്മാരുമായി ഒരുപാട് അടിമത്തൊഴിലാളികൾ, ഗാന്ധിയുടെ കുടുംബത്തിലേയ്ക്കെത്തുന്നുണ്ട്. ഇക്കാലത്ത് നടന്ന സുളു കലാപത്തെ, വംശീയാചാര്യതയുടെ മുഷ്ക്കോടെ വെള്ളക്കാരൻ നേരിടുമ്പോൾ, നിരാശ്രയരായ മുറിവേറ്റ കറുത്തവനെ പരിചരിക്കുവാൻ ഗാന്ധിയും സംഘവുമാണ് എത്തുന്നത്. സുളു കലാപത്തിന്റെ രാത്രിവേളകളിലെ ഏകാന്ത മൗനത്തിലാണ്. ബ്രഹ്മചര്യവും, ദാരിദ്ര്യവും ഗാന്ധി തന്റെ വ്രതങ്ങളായി സ്വീകരിക്കുന്നത്.

**ഹിന്ദ് സ്വരാജ് എഴുതുമ്പോൾ ഗാന്ധി താൻ വിമർശിക്കുന്ന ആധുനിക നാഗരികതയുടെ സ്ഥാപനങ്ങൾക്ക് ബദലായ സ്ഥാപനങ്ങൾ മണ്ണിൽ നിന്ന് രൂപപ്പെടുത്തിക്കൊണ്ടുവന്നിരുന്നു. വൈദ്യമായാലും വിദ്യഭ്യാസമായാലും ശാസ്ത്രമായാലും കൃഷിയായാലും നീതിയായാലും സമരായുധമായാലും മതവിശ്വാസമായാലും അവയുടെ പ്രകാശ നിരൂപണങ്ങളുടെ മിഴിവും മുഴുപ്പും നാം കാണുന്നത് പിൽക്കാലത്തായിരിക്കാം. ഹിന്ദ് സ്വരാജിൽ പരാമർശിക്കാത്ത ഒന്നും പിൻക്കാലത്ത് ഗാന്ധിയിൽ ധാർമ്മിക ജീവിതത്തിന്റെ ധാതുവായി ചേർന്നിട്ടില്ല.**

1901ൽ ഇന്ത്യയിൽ തിരിച്ചെത്തുന്ന ഗാന്ധി ബോംബെയിലെ സാന്റാക്രൂസിൽ വക്കീലായി പണിയെടുക്കുവാൻ ബംഗ്ലാവ് വാടകയ്ക്കെടുക്കുന്നുണ്ട്. ഇന്ത്യയിലെ താമസത്തിനിടയിൽ സാധാരണക്കാരന്റെ വേഷത്തിൽ മൂന്നാംക്ലാസ്സിൽ ഇന്ത്യയെ പഠിക്കാൻ, ഒരു തീർത്ഥയാത്രയിൽ ഏർപ്പെടുന്നുണ്ട്. ഇവിടെയും അദ്ദേഹം സമ്പർക്കത്തിലാവുന്നത് ദരിദ്രന്റെ ശരീരവുമായിട്ടാണ്. 1902ൽ ദക്ഷിണാഫ്രിക്കയിൽ തിരിച്ചെത്തിയ ശേഷം 1904ലാണ് ഫീനിക്സ് സെറ്റിൽമെന്റ് (ആശ്രമം) രൂപം കൊള്ളുന്നത്. പല ജാതിക്കാർ, വംശക്കാർ, വർണ്ണക്കാർ, ഭാഷക്കാർ ചേർന്ന ഒരു കമ്മ്യൂണാണത്. അവർ പ്രാവർത്തികമാക്കാൻ ശ്രമിച്ചതാകട്ടെ ജോൺറക്സിന്റെ അൺ ടു ദിസ് ലാസ്റ്റ് (സർവ്വോദയം) എന്ന ആശയം.

1898ൽ ഒരു കൊടുങ്കാറ്റിന്റെ പ്രക്ഷുബ്ദതയിൽ ഡർബനിലെത്തുമ്പോൾ കസ്തുർബാ ഗർഭിണിയായിരുന്നു. 1898 മേയിൽ അവർ രാമദാസിനെ പ്രസവിച്ചു. 1900ൽ ദേവദാസ്. 1900നു ശേഷം (അന്ന് ഗാന്ധിക്കു 31 വയസ്സ്) അദ്ദേഹം ലൈംഗികതയിൽ നിന്ന് ഒഴിവാകാൻ കസ്തുർബായുടെ സമ്മതത്തോടെ കിണഞ്ഞു പരിശ്രമിച്ചെങ്കിലും സാധിക്കുകയുണ്ടായില്ല. സുളു കലാപകാലത്താണ് ബ്രഹ്മചര്യവ്രതം സത്യാഗ്രഹികൾക്ക് ആവശ്യമാണെന്നു കണ്ട് പ്രതിജ്ഞയെടുത്തത്. ഒരു സ്ത്രീ ശരീരത്തിന്റെ വളരെ സൂക്ഷ്മമായ പറ്റിച്ചേരലിൽനിന്നും അദ്ദേഹം തന്റെ ശരീരത്തെ വിശാലമായി സാമൂഹ്യ ശരീരത്തിന്റെ ആശ്ലേഷണത്തിലേക്ക് പരിണമിപ്പിക്കുകയാണ്. ക്രിസ്ത്യൻ പാപബോധമല്ല, ഇതിനു പ്രേരിപ്പിക്കുന്നത്. തന്റെ പുതിയ സമരായുധമായ സത്യാഗ്രഹത്തിന്റെ പ്രയോഗത്തിന് ഇത് അനിവാര്യമാണെന്ന ബോധം. കൂടുതൽ കുട്ടികൾ ഉണ്ടാകുന്നത് തടയാൻ ലൈംഗികതയിൽ നിന്ന് സ്വയമകലുന്ന ഗാന്ധി ബോധപൂർവ്വം എത്തിച്ചേരുന്നത് സത്യാഗ്രഹത്തിന്റെ പരിചയായി ബ്രഹ്മചര്യത്തെ സ്വയം സ്വീകരിക്കുന്നതിലേക്കാണ്.

സത്യാഗ്രഹം രൂപപ്പെടുന്നത് ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാരന്റെ 'കരിനിയമ'ത്തെ (Black Act) നെതിരെയാണ്. കറുത്തവൻ (ഗാന്ധി സുളു കലാപകാലത്ത് താനടങ്ങുന്ന ഇന്ത്യക്കാരെ കറുത്തവനായാണ് കണ്ടത്) എല്ലാ അഴുക്കിന്റെയും – ചരിത്രം, മതം, സംസ്കാരം – പ്രതീകമാണല്ലോ. 1906 സെപ്റ്റംബർ 11 ന് ജോഹന്നാസ്ബെർഗിലെ 'ഇംഗ്ലീഷ് തിയ്യറ്റർ' എന്ന എംബയർ തിയ്യറ്ററിൽ വെച്ചാണ് ഹാജി ഹബീബ് എന്ന മുസ്ലിം സ്നേഹിതന്റെ "ദൈവത്തെ സാക്ഷി നിർത്തി" എന്ന പ്രയോഗത്തിന്റെ ആത്മീയ സ്ഫോടനത്തിൽ ഗാന്ധി സത്യാഗ്രഹത്തിന് വിത്തിടുന്നത്.

വ്യവസ്ഥാപിതമായ കുടുംബത്തിന്റെ അതിരുകൾ അപ്രത്യക്ഷമാകുന്നതോടൊപ്പം ഭാര്യ, മക്കൾ,

ബന്ധുക്കൾ എന്നിവരുമായുള്ള ബന്ധങ്ങളിൽ ഉണ്ടാകുന്ന മാറ്റം ശ്രദ്ധേയമാണ്. തന്റെ ധർമ്മബോധത്തിന് വിരുദ്ധമായതൊന്നും അദ്ദേഹം ഭാര്യയ്ക്കോ മക്കൾക്കോ ഉറ്റബന്ധുക്കൾക്കോ അടുത്ത സ്നേഹിതർക്കോ അനുവദിച്ചു കൊടുത്തില്ല. തന്റെ മക്കളായതുകൊണ്ടോ ഭാര്യയായതുകൊണ്ടോ പ്രത്യേകപരിഗണനയുണ്ടായില്ല. ആധുനിക നാഗരികതയുടെ യാതൊരുവിധ സ്ഥാപനവുമായി അവരെ ബന്ധപ്പെടുത്താൻ സമ്മതിച്ചതുമില്ല. ആധുനിക വിദ്യഭ്യാസം, വൈദ്യശാസ്ത്രം, ആധുനിക ഭക്ഷണം, കൃഷി, ശാസ്ത്രം ഇവയെ അടുപ്പിച്ചതേയില്ല. പകരം ആധുനിക നാഗരികയുടെ സ്പർശ മേൽക്കാത്ത വിദ്യഭ്യാസം, വൈദ്യം, ഭക്ഷണം, കൃഷി, ശാസ്ത്രം എന്നിവയുടെ മൂർത്തരൂപങ്ങൾ വികസിപ്പിക്കാനായി മുഴുവൻ ശ്രദ്ധയും. ഇതിന് തയ്യാറല്ലാത്തവരെ തന്റെ ആശ്രമമെന്ന കമ്മ്യൂണിൽ താമസിപ്പിക്കുവാൻ ഗാന്ധി വിസമ്മതിച്ചു. തന്റെ ചോരയിൽ നിന്നുണ്ടായ മൂത്തകൻ ഹരിലാലായിരുന്നു ഗാന്ധിയോട് നിരന്തരം ഏറ്റുമുട്ടിയത്. ഗാന്ധി വഴങ്ങിയില്ല, അവസാനം വരെയും. മണിലാലിനെ തന്റെ ധാർമ്മിക വരുതിയിൽ നിറുത്തി.

ഹിന്ദ് സ്വരാജ് എഴുതുമ്പോൾ ഗാന്ധി താൻ വിമർശിക്കുന്ന ആധുനിക നാഗരികതയുടെ സ്ഥാപനങ്ങൾക്ക് ബദലായ സ്ഥാപനങ്ങൾ മണ്ണിൽ നിന്ന് രൂപപ്പെടുത്തിക്കൊണ്ടുവന്നിരുന്നു. വൈദ്യമായാലും വിദ്യഭ്യാസമായാലും ശാസ്ത്രമായാലും കൃഷിയായാലും നീതിയായാലും സമരായുധമായാലും മതവിശ്വാസമായാലും അവയുടെ പ്രകാശ നിരൂപണങ്ങളുടെ മിഴിവും മുഴുപ്പും നാം കാണുന്നത് പിൽക്കാലത്തായിരിക്കാം. ഹിന്ദ് സ്വരാജിൽ പരാമർശിക്കാത്ത ഒന്നും പിൻക്കാലത്ത് ഗാന്ധിയിൽ ധാർമ്മിക ജീവിതത്തിന്റെ ധാതുവായി ചേർന്നിട്ടില്ല.




1909 ൽ നാടൻ ചർക്ക ഗാന്ധി കണ്ടിട്ടുപോലുമില്ല. എങ്കിലും മിൽതുണിയുണ്ടാക്കുന്ന പവർ ലൂമിന്റെ കാകളശബ്ദം ഗാന്ധി കേട്ടു. ചർക്കയുടെ ആത്മീയ സംഗീതം വിദൂരസ്ഥമായിട്ടെങ്കിലും അറിഞ്ഞു. സമരായുദ്ധ – സത്യാഗ്രഹത്തിന്റെ മൂർച്ചയിൽ ബോധ്യമുണ്ടായിരുന്നു, എത്രത്തോളം ആഴത്തിൽ, പരപ്പിൽ അത് ഉപയോഗിക്കാനാവുമെന്ന് അറിയാമായിരുന്നില്ലെങ്കിലും.

ഇത്രയും ദീർഘമായി സൂചിപ്പിച്ചത് കുടുംബം എന്ന പരമ്പരാഗത യൂണിറ്റിൽ നിന്ന് ഗാന്ധി എങ്ങിനെ വിശാലമായ ലോകത്തിലേക്ക് തന്നെ വികസിപ്പിച്ചു എന്ന് വിശദമാക്കാനാണ്. ഒരു പുതിയ ലോകകുടുംബം ഗാന്ധി പണിയാൻ തുടങ്ങിയിരുന്നു – 1909ൽ.

"ഇന്ത്യയുടെ പരിഷ്ക്കാരമാണേറ്റവും മികച്ചതെന്നും ഭൗതികഭോഗങ്ങളിലധിഷ്ഠിതമായ പാശ്ചാത്യപരിഷ്കാരം ഒരു താൽക്കാലിക വിസ്മയം മാത്രമാണെന്നും ആത്മാർത്ഥമായി ഗാന്ധി വിശ്വസിച്ചു. പാശ്ചാത്യ പരിഷ്ക്കാരം (ആധുനിക നാഗരികത) പോലുള്ള ക്ഷണഭംഗുരമായ സംസ്കാരങ്ങൾ വന്നും പോയുമിരിക്കും. അകമേയിരുന്നു നമ്മെ നയിക്കുന്ന ശക്തിയുടെ മഹത്വമെന്താണ് അനുഭവിച്ചവർക്കും മൃഗീയശക്തികൊണ്ട് കീഴ്പ്പെടുത്തനാശിക്കുന്നവർക്കും" താൻ പറയുന്നതെന്തെന്ന് മനസ്സിലാകും, ഗാന്ധി ഉറപ്പിച്ചു പറഞ്ഞു "പരിഷ്കാരകോപ്പയിലെ വിഷംമോന്തി അപകടത്തിലായ ആധുനിക സ്ഥിതിയിൽ അതിതീവ്രമായ അസംതൃപ്തി" (ഹിന്ദുസ്വരാജ്: പുറം: 65) പുലർത്തുന്ന കുടുംബമെന്ന വ്യവസ്ഥാപിത യൂണിറ്റിനെ ഗാന്ധി നിഷേധിച്ചു. ഇവിടെ നിന്നാണ് വിശ്വകുടുംബത്തിന്റെ പുന:നിർമ്മാണം ഗാന്ധി കുറിക്കുന്നത്.

*(നവംബറിൽ 'പൂർണോദയ' പ്രസിദ്ധീകരിക്കുന്ന ഹിന്ദ്സ്വരാജ് അതിജീവനത്തിനൊരു കൈച്ചൂണ്ടി എന്ന പുസ്തകത്തിൽ നിന്ന് ഒരദ്ധ്യായം)*

***വാൾഡൻ, എറവ്, തൃശ്ശൂർ***